DESPATCHED On...05/03/2020

14/1/2020




**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


ഹർജി നമ്പർ **AP.1757*(2)/2016*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.1582/*എസ്.ഐ.സി-ജി 6/16*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. ശശി**
**രാധാവിലാസം, ടി.സി 7/1556(1),**
**തിരുനിലയം,തിരുമല-695006** — **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**പോലീസ് സബ് ഇൻസ്പെക്ടർ,**
**പൂജപ്പുര പോലീസ് സ്റ്റേഷൻ**

2. **അപ്പീൽ അധികാരി,**
**മ്യൂസിയം പോലീസ് സർക്കിൾ,**
**മ്യൂസിയം, തിരുവനന്തപുരം** — **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.07.15, 05.12.15 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.11.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 08.01.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.02.2016 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 11.02.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.03.2019, |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 10.10.2019 കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 04.06.2015 ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ, സി.സി. 697/13 കേസിന്റെ 16.03.2013 തിയതിയിൽ സബ് ഇൻസ്പെക്ടർ, പി.ബി. വിനോദ്കുമാർ, ഉപയോഗിച്ച വാഹനത്തിന്റെ വെഹിക്കിൾ ഡയറിയും, അന്നേദിവസത്തെ ഡ്യൂട്ടി നോട്ട്ബുക്കും, കൂടെ ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ നോട്ട്ബുക്കും, പേരും, പി.സി. നമ്പരും അറസ്റ്റ് ചെയ്യുമ്പോഴുള്ള സാക്ഷിനോട്ടുകളും, ടി പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ ബന്ധുക്കളെ അറിയിച്ചിട്ടുള്ള വിവരങ്ങളും, സമൻസ് വന്നിട്ടും അറിയിക്കാതെ വാറണ്ട് ആകേണ്ടിവന്നുവെന്നും, ടി ഉദ്യോഗസ്ഥന്റെ പേരും പി.സി നമ്പറും വേണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 06.07.2015 ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വാഹനത്തിന്റെ വെഹിക്കിൾ ഡയറി തിരുവനന്തപുരം സിറ്റി എ.ആർ ക്യാമ്പ് എം.റ്റി. ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നും, ടി ദിവസം സബ് ഇൻസ്പെക്ടറോടൊപ്പം ഡ്യൂട്ടിയിലുണ്ടായിരുന്ന 2 ഉദ്യോഗസ്ഥരും നോട്ട് ബുക്ക് സ്റ്റേഷനിൽ ഡിപ്പോസിറ്റ് ചെയ്തതായി കാണുന്നില്ലെന്നും, അപേക്ഷയിൽ ചോദിച്ചിട്ടുള്ള സാക്ഷിനോട്ടുകളും അറസ്റ്റ് വിവരങ്ങളും, വിവരാവകാശനിയമം 8 (1) (എച്ച്) പ്രകാരം നൽകാൻ കഴിയില്ലെന്നും, കോടതി ഉത്തരവ് പ്രകാരം വാറണ്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ സി.പി.ഒ 4429 അജിത്ത്, സി.പി.ഒ 4440 ഷാജി എന്നിവരാണെന്നുമാണ്. ട്രഷറിയിൽ പണമടച്ചതനുസരിച്ച് 05.12.2015ന് എല്ലാ രേഖകളുടെയും പകർപ്പ് നൽകുകയും ചെയ്തു.

4. ടി കിട്ടിയ മറുപടിക്കെതിരെ ഹർജിക്കാരൻ അപ്പീൽ സമർപ്പിക്കുകയും, ആയതിന് 08.01.2016 ന് മറുപടി നൽകുകയും ആയതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് പൂജപ്പുര പോലീസ് സ്റ്റേഷനിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്നറിയിച്ച് അപ്പീൽ തീർപ്പുകൽപിച്ചു.

5. 23.01.2019 നും, 27.04.2019 നും ന് കമ്മീഷൻ ആസ്ഥാനത്തുവച്ചു നടന്ന ഹിയറിംഗിൽ ഹാജരാകാത്തതിനാൽ 18.07.2019 ന് എതിർകക്ഷിക്ക് ഷോക്കോസ് നൽകുകയും ആയതിനും ഹാജരാകാത്തതിനാൽ 10.10.2019 ന് എസ്.പി.ഐ.ഒ യുടെ വിശദീകരണമുൾപ്പെടെ ഹാജരാകാൻ സമൻസ് നൽകുകയും ടിയാൻ ഹാജരാകുകയും മുൻ ഹിയറിംഗിന് ഹാജരാകാതിരുന്നതിന് കാരണം ബോധിപ്പിക്കുകയും, വിശദീകരണം നൽകുകയും ചെയ്തു. ആയത് കമ്മീഷൻ അംഗീകരിക്കുകയും ചെയ്തു. 10.10.2019 ന്

കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ, പരാതിക്കാരനെ 16.03.2013 ൽ തിരുമല പള്ളിമുക്കിൽ വച്ച് മദ്യപിച്ച് കലഹസ്വഭാവിയായി കണ്ടതിനാൽ ആ സമയത്തെ സബ് ഇൻസ്പെക്ടർ കൂട്ടിക്കൊണ്ട് വന്ന് ജനറൽ ആശുപത്രിയിൽ മെഡിക്കൽ പരിശോധന നടത്തുകയും, മദ്യപിച്ചു എന്നു തെളിഞ്ഞതിനാൽ കേസ് രജിസ്റ്റർ ചെയ്യുകയും ടിയാന്റെ ആവശ്യപ്രകാരം 2 പേർ ചേർന്ന് ടിയാനെ ജാമ്യത്തിൽ ഏറ്റുകൊണ്ടു പോയതുമാണെന്നും തുടർന്ന് കേസ് എ.സി.ജെ.എം കോടതിയിൽ വിചാര ണയിലിരിക്കെ ടിയാൻ കുറ്റ സമ്മതം നടത്തി 2500 രൂപ പിഴയടച്ചിട്ടുള്ളതുമാണെന്നും, വിവരാവകാശനിയമപ്രകാരം ടിയാൻ ആവശ്യപ്പെട്ട പ്രകാരം സാക്ഷിനോട്ടുകളും, അറസ്റ്റ് വിവരങ്ങളും, പ്രതിയെ അറസ്റ്റ് ചെയ്ത സമയം ഹാജരായിരുന്ന സി.പി.ഒ മാരുടെ പേരു വിവരങ്ങളും, വാറണ്ട് നടത്തിയവരുടെ വിവരങ്ങളും നൽകിയിട്ടുണ്ടെന്നും, തുടർന്ന് ടിയാൻ മ്യൂസിയം പോലീസ് ഇൻസ്പെക്ടർക്ക് നൽകിയ അപ്പീലിന് നൽകിയ മറുപടിയിൽ സ്റ്റേഷനിൽ നിന്നും മറുപടി നൽകിയതിനാൽ അപേക്ഷയിൽ തീർപ്പുകൽപിക്കുന്നുവെന്നുമാണ് പറഞ്ഞിട്ടുള്ളതെന്നുമാണ്.

6. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച 10.10.2019 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് എസ്.പി.ഐ.ഒ, അപ്പീൽ അധികാരി എന്നിവർ മറുപടി നൽകിയതായും, ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയെന്നുമുള്ള ഹിയറിംഗിന് ഹാജരായ എസ്.പി.ഐ.ഒ യുടെ മൊഴിയും വിശ്വാസത്തി ലെടുത്തുകൊണ്ട് ടി ഹർജിയിൽ മറ്റു നടപടികളാവശ്യമില്ലെന്നു കണ്ട് ടി അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

RIGHT TO INFORMATION